# ജനായത്ത സംവാദം

വി. കെ. നാരായണൻ



ജനായത്ത സംവാദം

വി. കെ. നാരായണൻ

(മലയാളം: കവിത)

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Falling gladiator, a picture of sculpture by William Rimmer (1816–1879). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

## വി. കെ. നാരായണനെപറ്റി പി. രാമൻ



മലയാള കവിതയിൽ ഭാഷാപരമായും പ്രമേയപരമായും വലിയ മാറ്റങ്ങൾക്കു തുടക്കമിട്ട കവിയാണ് വി. കെ. നാരായണൻ. 1970-കളുടെ തുടക്കത്തിൽ നമ്മുടെ ആധുനികതയുടെ പൊതുവഴികളിൽ നിന്നു മാറി സാധാരണ മനുഷ്യരുടെ സംസാരഭാഷയിൽ നിന്ന് മുളപ്പിച്ചെടുത്ത മുന കൂർത്ത ഗദ്യവും താളക്കെട്ടുകളും കൊണ്ട് ഇദ്ദേഹമെഴുതിയ കവിതക്ക് അന്ന് സ്വീകാര്യത ലഭിക്കുകയുണ്ടായില്ല. അഭിമാനത്തോടെ ജീവിക്കാൻ വേണ്ടിയുള്ള പൊരുതലായിരുന്നു അദ്ദേഹത്തിനു കവിത. ഉപരിവർഗ്ഗ പാർലമെന്ററി വ്യാമോഹങ്ങളിൽ കരുവാക്കപ്പെട്ടുന്ന അടിസ്ഥാനമനുഷ്യന്റെ സഹനവും പ്രതിരോധവും ഈ കവിയുടെ മുഖ്യ പ്രമേയമായിരുന്നു. ദളിത് കവിത എന്ന പരികല്പനയെ എഴുപതുകളുടെ തുടക്കത്തിൽ തന്നെ സ്വന്തം കവിതയിലൂടെ പ്രബലപ്പെടുത്തി, ഇദ്ദേഹം. മറാത്തി ദലിത് കവിതകൾ അക്കാലത്തേ അദ്ദേഹം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. എല്ലാത്തരം പ്രമേയങ്ങളിലേക്കും തന്റെ കവിതയെ അദ്ദേഹം പടർത്തുകയും ചെയ്തു. 'രതിവിതാനം' പോലെ ലൈംഗികത വിഷയമാക്കുന്ന അപൂർവതയുള്ള ഒരു കൃതി അദ്ദേഹമെഴുതി എന്നതു ശ്രദ്ധിക്കുക. കവി എന്ന നിലയിൽ അർഹമായ അംഗീകാരം മരണം വരെയും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായില്ല.

1940-ൽ കോട്ടയം ജില്ലയിലെ ആറുമാനൂരിൽ ജനിച്ച വി. കെ. നാരായണൻ കേരള പബ്ലിക് റിലേഷൻസ് ഡയറക്ടറായിരുന്നു. ആത്മായനം, രതിവിതാനം, ഏകലവ്യൻ ഞാൻ, കറ എന്നിവ കവിതാ പുസ്തകങ്ങൾ. കഴിഞ്ഞവർഷം അന്തരിച്ചു.

# 1

## ക മ

നിങ്ങൾ പറഞ്ഞു:
നിനക്കെഴുത്തറിയാം
എഴുതെടാ ഖുണമേ
പാട്ടറിയാം
പാടെടാ കഴുതേ
വരയറിയാം
വരക്കെടാ ഞവണീ
കുരയറിയാം
കുരയ്ക്കെടാ പട്ടീ
നിങ്ങൾ തുടർന്നു:
വാടാ
വിളിയെടാ
പോടാ
നാടു നന്നാകട്ടെടാ
നിനക്കെന്തറിയാമതു
ചെയ്യെടാ...
പാവം
പാവം ഞാൻ
പൂവിതൾ പോലൊരു ഹൃദയം
കൈകളിലേന്തിയിരുന്ന വിധേയൻ
എഴുതി
പാടി
വരച്ചു
കുരച്ചു
അതു ചെയ്തു
ഇതു ചെയ്തു
മറ്റേതു ചെയ്തു
വിമോചന സുന്ദര
സ്വപ്നം നെയ്തു.
യുഗാന്തര സംസ്കൃതി
പെയ്തു.
നിങ്ങൾ
ഇന്നും പുറകിൽ നിന്നും
എന്നെക്കുത്തിപ്പറയുന്നു:
നാടു നന്നാക്കെടാ
നീതാനല്ലോ ബാദ്ധ്യസ്ഥൻ
നാടു നന്നാക്കെടാ...
ഞാൻ
ഇന്ന്
ഈ ഇന്നിൽ
എത്തിയോരീ ഞാൻ
തിരിഞ്ഞു നിൽക്കുന്നു
തിരിച്ചുരയ്ക്കുന്നു:
ആരാരെന്നറിയുന്നോൻ
നാടേതെന്നറിയുന്നോൻ
നമ്മൾ
ഞാനും നിങ്ങളുമല്ലല്ലോ.
നമ്മുടെ നാടും
നിങ്ങടെ നാടും രണ്ടല്ലോ.
ക്ഷുദ്രം
നിങ്ങടെ നാടുതുലഞ്ഞീടാൻ
ഭദ്രം
നമ്മുടെ നാടു പുലർന്നീടാൻ
ഈ മണ്ണു
ചവിട്ടയരച്ചു കുഴച്ചീ
കാലത്തിൻ
ചുമരുകൾ നീളെ
എനിക്കു തോന്നിയതുപോലെ
ഞാൻ
എഴുതും
പാടും
പറയും
ചെയ്യും
ക
മ

1974

## 2

# ജനായത്ത സംവാദം

അല്പം മുമ്പേ
നീട്ടിവിളിച്ചതു താങ്കളെയാവാം.
ആരാണ്?
ആരെന്നറിയുവതെങ്ങനെ
ചേരിക്കപ്പുറമല്ലോ നിന്നത്
സ്വന്തം പേരു പറഞ്ഞതുമില്ല!
എന്നാലറിവേൻ
എന്നെപ്പോലൊരു
പേരില്ലാത്ത...
പേരില്ലെന്നോ...?
ഇല്ലേയില്ല
ജനത്തിനു
സ്വന്തം പേരുണ്ടെങ്കിൽ
അവരുടെ
അവരാൽ
അവർക്കുവേണ്ടി
ഭരണം
നിങ്ങൾ നടത്തുവതെങ്ങനെ?

1978

## 3
# കുഴി

തലയിൽ
തലയിൽ
തലയിൽത്തന്നെ
ഇവിടെ
ഇവിടെ
ഇവിടെപ്പൂണ്ടു കിടപ്പൂ
യന്ത്രം.
ഉറ്റവർ
ഉടയവർ
അയലത്തുള്ളവർ
ഇവരിലൊരുത്തൻ
(പേരു പറഞ്ഞാൽ
തീരുകയില്ലീ ദോഷം)
ഒരോലത്തകിടിൽ
മഞ്ഞളു തേച്ചു ചുരുട്ടി
തലയിൽക്കെട്ടി
തലവെട്ടി
അതിട്ടിട്ടുണ്ടീ മണ്ണിൽ
കുഴി ഇവിടെക്കുഴി
ഇവിടെത്തന്നെ
അതുവേണ്ടിവിടെ
ഇവിടെ ഇവിടെ ഇവിടെ.
തലയിൽ
ഒരു പൂച്ചത്തലയിൽ
ഒരു കണ്ടൻപൂച്ചത്തലയിൽ
ഇരുളിൽ വളർന്ന
കരിമ്പൂച്ചത്തലയിൽ
കൊണ്ടികൊളുത്തി-
ക്കൊണ്ടിവിടെത്തി
പകലിൻ ചോര വടിച്ചുപുരട്ടി
പകയുടെ പുകയിൽ
പൂഴ്ത്തിയതാരെന്നറിയാം
പിണിയാ,ളിന്നതു പോട്ടെ...
കുഴിക്കുക
വാഴച്ചോട്ടിലെ
എക്കലിൽനിന്നും
പൊക്കിയെടുക്കുക
ക്ഷുദ്രോത്രത്തിൻ
ക്ഷുരാക്കൊള്ളികൾ
കുരുതിക്കുള്ളൊരു
കോഴി വരട്ടെ
കുഴിക്കുക നിങ്ങൾ
നെല്ലിട തെറ്റാതിവിടെത്തന്നെ
കുഴിക്കുക
കുഴിയുടെയാഴം കൂട്ടുക
മുട്ടു മുഴക്കെത്താഴംവരെയും
കുഴിതോണ്ടുക
കുഴിയിൽ
തപ്പുക, വിരകുക
വിരലിൽ
തലയുടെ പൂടയുടക്കുന്നെങ്കിൽ
നിർത്തുക
കുഴിയിലൊഴിക്കാൻ കള്ളു വരട്ടെ
കുഴിക്കുക നിങ്ങൾ
ബിലാത്തിത്തെങ്ങിൻ
തെക്കേ ചെറ്റയിൽ നിന്നും
ഒരംഗുലമകലെ
ഒരുക്കോൽത്താത്തു കുഴിക്കുക
ദക്ഷിണ വേഗമൊരുക്കുക
നാലുപണത്തിൽ വെറ്റില വെച്ചു മടക്കുക
സന്തതിയറ്റു മുടിഞ്ഞേ പോകും
നിങ്ങടെ വംശം
അതിന്നും മുമ്പേ
മാന്തിയെടുക്കുക
കണ്ടൻ പൂച്ചത്തലയിലെ
ഓലത്തകിടിലെ
ഓം ഹ്രീം സ്വാഹ
കുഴിക്കുക
പുരയുടെ ദിക്കുവിദിക്കുകൾതോറും
ഉയർത്തുക
മുറ്റമസൂയ വളർന്നു ഫലിച്ചതു
വിത്തായ് മാറിയ
ക്ഷുദ്രം
പോരാ
കുഴിയിതു പോരാ
പോരുമൊരരയാൾ താഴ്ച
കുഴിക്കുക
കിട്ടുന്നില്ലവിടേലസ്സെങ്കിൽ
തക്കറിയോരോന്നിട്ടേക്കാം ഞാൻ
അക്കുഴി തോറും
ഗാർഹിക രക്ഷ
വരട്ടെയരിപ്പറ നെൽപ്പറ
പറയുക പിണിയാളേ, നീ
എവിടെയൊളിച്ചൂ
ദുഷ്ടത കെട്ടിയ
നാഗക്കെട്ടുകൾ
കുഴിക്കുക
പുരയുടെ ചുറ്റും
പുരയിടമാകെ
ഒരാൾത്താഴ്ചയിൽ
അക്കുഴിയൊന്നിൽ നിന്നും
ഒരിക്കൽ
കുഴി ഒന്നായ്ത്തീരുമതിങ്കൽനിന്നുമൊരിക്കൽ
പൊക്കിയെടുക്കും ഞാനാ
ക്ഷുദ്രത്തിന്റെ
കറുത്ത തുരുമ്പുകൾ
നിങ്ങൾ കുഴിക്കുക
നിങ്ങൾ കുഴിക്കും കുഴിയിൽ
നിങ്ങളിറങ്ങുക
മുങ്ങുക
ഭീകര മന്ത്രത്തിന്റെ
കുരുക്കഴിയട്ടെ
കുഴിക്കുക
നിങ്ങൾ കുഴിക്കും കുഴിയിൽ
നിങ്ങളിറങ്ങുക
നിങ്ങൾ കുഴിക്കുക
കുഴിയിലിറങ്ങുക
നിങ്ങൾ കുഴിക്കുക
കുഴിയിലിറങ്ങുക
നിങ്ങൾ കുഴിക്കുക
കുഴിയിലിറങ്ങുക
നിങ്ങൾ...

1970

□

# പ്രതികരണങ്ങൾ

## കെ. ജി. എസ്സിന്റെ കവിതകൾ

- കെ. ജി. എസ്സിന്റെ കവിതകൾ എന്നും പുതുതാണ്. പലരും കവിത അവസാനിപ്പിക്കുന്നിടത്തു നിന്നാണ് കെ. ജി. എസ്സ്. കവിതകൾ തുടങ്ങുന്നത്, പിന്നെ പ്രതീക്ഷിക്കാത്ത ഇടങ്ങളിലേയ്ക്ക് കൊണ്ടു പോവുകയും— മീൻ മുള്ളിൽ നിന്ന് സമുദ്രത്തിലേയ്ക്കും പ്രണയത്തിലേയ്ക്കുമെന്നേ പോലെ. കെ. ജി. എസ്സിൽ വാക്കിന്റെ ഒരു ആർക്കിയോളജിസ്റ്റ് ഉണ്ട്. അയാൾ ഭാഷയിൽ കുഴിച്ചു കുഴിച്ചു പോകുന്ന വിസ്മയങ്ങളുമായി പൊന്തി വരുന്നു— പമ്പാതീരത്തു നിന്ന് സിന്ധു നദീതട സംസ്കാരത്തിലെ ലാവാ നിർമ്മിത രത്നങ്ങൾ പോലെ. — സച്ചിദാനന്ദൻ

- എല്ലാം ഭദ്രം, മനോഹരം. സന്തോഷം, അഭിമാനം, നന്ദി.

  സായാഹ്നയ്ക്ക് സ്തുതിയായിരിക്കട്ടെ. പ്രസാധനത്തിലെ സാധനയുടെ അപൂർവ മഹിമ വാഴ്ത്തപ്പെടട്ടെ.
  — കെ ജി എസ്, ബാംഗ്ലൂർ

## ഫോൺ പതിപ്പുകൾ

- എന്റെ പേര് റാണി. UK-യിൽ നഴ്സാണ്. ഈ ഗ്രൂപ്പിൽ ചേരാൻ കഴിഞ്ഞത് ഭാഗ്യമായി കാണുന്നു. പണ്ട് സ്കൂളിൽ പഠിക്കുമ്പോൾ സാഹിത്യരചനയിൽ സമ്മാനങ്ങൾ വാങ്ങിയിട്ടുണ്ട്. സാഹിത്യവാരഫലം ഒക്കെ ഞങ്ങൾ വീട്ടിൽ ചർച്ച ചെയ്തിരുന്നു. ഇപ്പോൾ ജോലി തിരക്കുമൂലം കുറഞ്ഞു പോയ വായനാശീലം തിരികെ നൽകാൻ സഹായിച്ച ഈ ഗ്രൂപ്പിനു വളരെ നന്ദി.
  — റാണി

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്‌ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.